പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 101 25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന്റെ വിവിധ പ്രവൃത്തികൾക്കായി ആകെ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുകയാണ് ഭരണാനുമതി നൽകിയതെന്നും ഓരോ പ്രവൃത്തിയുടെ പേരും തുകയും സഹിതം വിശദമാക്കമോ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിമാനത്താവളത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് നോഡൽ ഏജൻസിയായ കിൻഫ്ര മുഖേനയാണ്.

| | പ്രവൃത്തി | തുക (രൂപയിൽ) |
|---|---|---|
| 1 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി നേരിട്ട് ഏറ്റെടുത്ത 10.52 ഏക്കർ ഭൂമിക്ക് | 9,87,17,982/- |
| 2 | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ബ്ലാസ്റ്റിംഗ് പ്രവൃത്തി നടത്തിയപ്പോൾ സമീപത്തുള്ള വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന് നഷ്ട പരിഹാരം | 35,60,300/- |
| 3 | കണ്ണൂർ വിമാനത്താവള ഭൂമിയിൽ നിന്ന് മഴക്കാലത്ത് സമീപത്തെ വീടുകളിൽ ചെളി വെള്ളം കയറിയപ്പോൾ തോടുകൾ നവീകരിക്കുന്നത് | 28,12,500/- |
| 4 | കിൻഫ്ര മുഖേന ഏറ്റെടുത്ത 710.8072 ഹെക്ടർ ഭൂമിക്ക് | 620,85,89,006/- |
| 5 | കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസകേന്ദ്രങ്ങളിലേക്ക് അടിസ്ഥാന സൗകര്യമേർപ്പെടുത്തിയതിന് | 1,16,52,142/- |
| 6 | പുനരധിവാസ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനം | 544.13/- ലക്ഷം |

കണ്ണൂർ വിമാനത്താവളത്തിന് പുറത്തുള്ള 18 തോടുകൾ നിർമ്മിക്കാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുന്നത് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെയാണ്. ഇതനുസരിച്ച് ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ച 49.59 കോടി രൂപയുടെ എസ്റ്റിമേറ്റിന് 25.5.2017 തീയതിയിലെ സ.ഉ.കൈ.നമ്പർ

13/2017/ജ.വി.വ. അനുസരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക സർക്കാരിൽ നിന്ന് തിരിച്ച് കിട്ടുമെന്ന വ്യവസ്ഥയിൽ കണ്ണൂർ വിമാനത്താവള കമ്പനി ജലസേചനവും ഭരണവും ചീഫ് എൻജിനീയർക്ക് ലഭ്യമാക്കേണ്ടതുണ്ട്.

2016-17 സാമ്പത്തിക വർഷം

1. നിലവിലുള്ള കാരതോടിന്റെ കാരതോട്ട മുതൽ അഞ്ചരക്കണ്ടി പുഴ വരെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. നിലവിലുള്ള കോതേരി തോടിൽ കോതേരി മുതൽ അഞ്ചരക്കണ്ടി പുഴ വരെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം

1. കണ്ണൂർ വിമാനത്താവളത്തിനു ചുറ്റുമുള്ള 16 നീർച്ചാലുകളിലെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം

1. 16 തോടുകളുടെ നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ പ്രവൃത്തിക്ക് 4.10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന്റെ വിവിധ പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗവുമായി ബന്ധപ്പെട്ട് ആകെ 5177 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| | സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1726/2015/പൊ.മ.വ. തീയതി 25/11/2015 | |
| 1 | കാര- പേരാവൂർ റോഡ് 9 മീറ്റർ വീതിയിൽ ലഭ്യമായ ഭൂമി ഉപയോഗപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തൽ കി.മീ. 19/000 മുതൽ 23/214 വരെ | 980 |
| 2 | മട്ടന്നൂർ - പഴശ്ശി കനാൽ- കാര റോഡ് (ഭൂമി ഏറ്റെടുക്കുന്നതിനുള്ള 1.35 കോടി രൂപ ഉൾപ്പെടെ) അഭിവൃദ്ധിപ്പെടുത്തൽ കി.മീ 0/000 മുതൽ 0/770 വരെ) | 715 |
| 3 | പാറക്കടവ് - കല്ലിക്കണ്ടി- പാറാട്ട്- ചെറുവഞ്ചേരി- വലിയപൊയിൽ- കണ്ണപ്പറമ്പ്- എയർപോർട്ട് റോഡ് | 1200 |
| | സർക്കാർ ഉത്തരവ് നമ്പർ (സാധാ) | |

| | | |
|---|---|---|
| | 253/2017/പൊ.മ.വ.തീയതി 01.03.2017 | |
| 1 | മേലെ ചൊവ്വ – മട്ടന്നൂർ റോഡ് കി.മീ 0/000 മുതൽ 23/023 വരെ അഭിവൃദ്ധിപ്പെടുത്തൽ | 1030 |
| 2 | ചൊവ്വ- അഞ്ചരക്കണ്ടി കീഴല്ലൂർ-മട്ടന്നൂർ റോഡ് കി.മീ 9/000 മുതൽ 19/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | 600 |
| 3 | തലശ്ശേരി- ഇരിക്കൂർ റോഡ് കി.മീ 3/300 മുതൽ 15/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | 652 |
| | ആകെ | 5177 |

(സി) ഇത്തരത്തിൽ ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഭരണാനുമതി നൽകിയതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

(സി) ഭരണാനുമതി നൽകിയതിൽ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. തോടുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ താഴെപറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

16 നീർച്ചാലുകളിലെ മണ്ണ് നീക്കം ചെയ്യുന്ന നിർമ്മാണ പ്രവൃത്തി, കാരതോടിൽ കാരതോടു മുതൽ അഞ്ചരക്കണ്ടി പുഴവരെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി, കോതേരി തോടിൽ കോതേരി മുതൽ അഞ്ചരക്കണ്ടി പുഴവരെ മണ്ണു നീക്കം ചെയ്യുന്ന പ്രവൃത്തി എന്നിവ ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ എന്നിവ പൂർത്തീകരിച്ചു. 16 തോടുകളിൽ മുൻഗണനാപ്രകാരം 5 തോടുകളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. ബാക്കിയുള്ളവയ്ക്ക് ആവശ്യമായ സ്ഥലം കൈമാറികിട്ടുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതും യഥാസമയം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

റോഡു നിർമ്മാണം സംബന്ധിച്ച പ്രവൃത്തികളുടെ സ്ഥിതി താഴെപ്പറയും പ്രകാരമാണ്.

1. കാര – പേരാവൂർ റോഡ് കി.മീ. 19/000 മുതൽ 23/214 വരെ :- പ്രവൃത്തി പൂർത്തീകരിച്ചു.

2. മട്ടന്നൂർ- പഴശ്ശി കനാൽ- കാര റോഡ് :-

പ്രസ്തുത പ്രവൃത്തിയിൽ പഴശ്ശി കനാലിന്റെ ഇടതു വശത്തുള്ള ഇൻസ്പെക്ഷൻ റോഡിലൂടെ 650 മീറ്ററും കനാലിനു കുറുകെയായി 20 മീറ്റർ നീളത്തിൽ പാലവും, 20 മീറ്റർ നീളത്തിൽ പഴശ്ശി പ്രോജക്ടിന്റെ സ്ഥലവും, 80 മീറ്റർ നീളത്തിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലമുൾപ്പെടുത്തി ആകെ 770 മീറ്റർ നീളത്തിലുള്ള റോഡു നിർമ്മാണമാണ് ഉദ്ദേശിച്ചത്. എന്നാൽ പ്രസ്തുത റോഡ് വിമാനത്താവളത്തിന്റെ പ്രധാന കവാടത്തിൽ നേരിട്ട് എത്തിച്ചേരുന്ന വിധത്തിൽ പുതിയ അലൈൻമെന്റ് കിയാൽ ചീഫ് പ്രോജക്ട് എൻജിനീയർ സമർപ്പിച്ചിരുന്നു. അതു പ്രകാരം പഴശ്ശി കനാൽ ഇൻസ്പെക്ഷൻ റോഡിന്റെ 1200 മീറ്റർ ഇടതുവശം 1230 മീറ്റർ വലതുവശവും റോഡ് അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ചെയിനേജ് 1/200 ൽ ചെറിയ പാലവും നിർമ്മിക്കേണ്ടതായിട്ടുണ്ട്. കൂടാതെ 400 മീറ്റർ നീളത്തിലും 30 മീറ്റർ വീതിയിലും പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെട്ട വിവിധ സർവ്വെ നമ്പറുകളിലുള്ള സ്വകാര്യ വ്യക്തികളുടെ ആകെ 3 ഏക്കർ

സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ പ്രവൃത്തിക്കായി 10.50 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് പഴശ്ശി ഇറിഗേഷൻ വിഭാഗത്തിൽ നിന്നും വിട്ടുകിട്ടേണ്ടുന്ന ഭൂമി സംബന്ധിച്ച് നടപടി അന്തിമ ഘട്ടത്തിലാണ്.

3. പാറക്കടവ് - കല്ലിക്കണ്ടി - പാറാട്ട്- ചെറുവഞ്ചേരി- വലിയ വെളിച്ചം- കുത്തുപറമ്പ്- എയർപോർട്ട് റോഡ് :- 19/05/2017 ന് പ്രവൃത്തി ആരംഭിച്ചു.

4. മേലെ ചൊവ്വ – മട്ടന്നൂർ റോഡ് കി.മീ. 0/000 മുതൽ 23/023 വരെ അഭിവൃദ്ധിപ്പെടുത്തൽ :- പ്രവൃത്തി പൂർത്തീകരിച്ചു.

5. ചൊവ്വ – അഞ്ചരക്കണ്ടി കീഴല്ലൂർ - മട്ടന്നൂർ റോഡ് കി.മീ. 9/000 മുതൽ 19/000 വരെ അഭിവൃദ്ധിപ്പെടുത്തൽ :- 07/04/2017 ന് പ്രവൃത്തി ആരംഭിച്ചു. 31/05/2017 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കത്തക്ക വിധത്തിൽ ദ്രുതഗതിയിൽ നടന്നു വരുന്നു.

6. തലശ്ശേരി - ഇരിക്കൂർ റോഡ് കി മീ 3/300 മുതൽ 15/000 വരെ അഭിവൃദ്ധിപ്പെടുത്തൽ :- 07/04/2017 ന് പ്രവൃത്തി ആരംഭിച്ചു. 31/05/2017 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കത്തക്ക വിധത്തിൽ ദ്രുതഗതിയിൽ നടന്നു വരുന്നു.

മേൽപ്പറഞ്ഞ റോഡുകൾക്കു പുറമെ താഴെ പറയുന്ന രണ്ട് ഫീഡർ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി കിഫ്ബിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. തളിപ്പറമ്പ് ഭാഗത്ത് നിന്ന് - ചൊറുക്കള – ബാവുപ്പറമ്പ – മുല്ലക്കൊടി - മയ്യിൽ കോളോളം റോഡ് ( 15 കോടി രൂപ)

2. തലശ്ശേരി ഭാഗത്ത് നിന്ന് - കൊടുവള്ളി - പിണറായി- അഞ്ചരക്കണ്ടി - കണ്ണൂർ എയർപോർട്ട് റോഡ് (നാലു വരിപ്പാത)(50 കോടി രൂപ)

രണ്ട് പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ